# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3119** **13.10.2011-ൽ മറുപടിയ്ക്ക്**

## വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൻമേൽ നേരിടുന്ന കാലതാമസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ.എം. ആരിഫ്** | | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൻമേൽ സർക്കാർ ഫയലുകളുടെ കോപ്പി നിർദ്ദിഷ്ട സമയത്തിനുള്ളിൽ നൽകാതെ വച്ചുതാമസിപ്പിച്ച കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; | (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിക്കാനാണ് വിവരാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. |
| (സി) | വിവരാവകാശ നിയമ പ്രകാരം നിർദ്ദിഷ്ട സമയത്തിനുള്ളിൽ വിവരം നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്ത് ശിക്ഷയാണ് നിഷ്കർഷിച്ചിട്ടുള്ളത് ? | (സി) | വിവരാവകാശ നിയമത്തിലെ ചട്ടം 20 പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വിവരം നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒരു ദിവസത്തെ കാലതാമസത്തിന് 250 രൂപ നിരക്കിൽ പരമാവധി 25000 രൂപ വരെ പിഴശിക്ഷ വിധിക്കാൻ വിവരാവകാശ നിയമം നിഷ്കർഷിക്കുന്നു. കൂടാതെ ബന്ധപ്പെട്ട സർവീസ് റൂൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.<br><br>സെക്ഷൻ ഓഫീസർ |